# മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പ്രോഗ്രാം/കോഴ്സുകളുമായി മറ്റു സർവ്വകലാശാലകളുടെ പ്രോഗ്രാം/കോഴ്സുകളെ തുല്യതപ്പെടുത്തുന്നതിന് 2012, ഏപ്രിൽ 9-ാം തീയതയിലെ ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 ഛേദം 10(17) പ്രകാരം - പരിഷ്കരിച്ച് - ഉത്തരവാകുന്നു.

================================================================================

## അക്കാഡമിക് ഡി വിഭാഗം

നം. 5922/എസിഡി/3/2243/12 — പി.ഡി. ഹിൽസ്, തീയതി: 05/10/2017

================================================================================

സൂചന:- 1) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 1814/AcD/2011/അക്കാദമിക് തീയതി, 9/4/2012.

2) 24/11/2016-ൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ ഇനം. 103/Ac.15/16341 നമ്പർ തീരുമാനം അനുസരിച്ചുള്ള സർവ്വകലാശാല ഉത്തരവ് നമ്പർ. 270/A1/2017/അക്കാദമിക് തീയതി, 12/01/2017.

3) 06/05/2017-ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ ഇനം. 99/Ac.17/17168-ാം നമ്പർ തീരുമാനം.

4) 26/06/2017-ൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇനം നം. 11 (99/Ac.17/17168)-ാം നമ്പർ തീരുമാനം.

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഉത്തരവ് നമ്പർ 1814/AcD/2011/അക്കാദമിക് തീയതി, 9/4/2012-ൽ (സൂചന-1) പറഞ്ഞിരിക്കുന്ന, കോഴ്സുകൾ തമ്മിൽ തുലനപ്പെടുത്തുന്നതിന് നിഷ്കർഷിച്ചിരുന്ന നാല് മാനദണ്ഡങ്ങളായ i) The eligibility conditions for Admission to the equating programme should be similar. ii) Duration of the course should be on par. iii) Number of papers/courses/viva/dissertation/project in both programmes should have a match. iv) Contents should be similar to at least 75%." എന്നതിനോടൊപ്പം "Regular courses may be equated to regular courses only'' എന്നത് അഞ്ചാമത്തെ മാനദണ്ഡമായി ഉൾപ്പെടുത്താൻ (സൂചന-2) പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

18/06/2016-ലെ അക്കാഡമിക് കൗൺസിൽ യോഗത്തിൽ അംഗീകരിച്ച 'മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്യുവാലൻസി ഓഫ് അക്കാഡമിക് പ്രോഗ്രാംസ്-2016'-ലോ 21/01/2017-ൽ കൂടിയ അക്കാഡമിക് കൗൺസിൽ അംഗീകരിച്ച അമന്റ്മെന്റിലോ മറ്റ് സർവ്വകലാശാലകളുടെ റെഗുലർ കോഴ്സുകൾ മാത്രം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ റെഗുലർ കോഴ്സുകൾക്ക് തുല്യമായി അംഗീകരിച്ചാൽ മതിയെന്ന് പരാമർശിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള തീരുമാനം പ്രൈവറ്റ്/വിദൂര വിദ്യാഭ്യാസം വഴി ബിരുദങ്ങൾ നേടിയ നിരവധി വിദ്യാർത്ഥികളുടേയും ഉദ്യോഗാർത്ഥികളുടേയും ഉന്നത വിദ്യാഭ്യാസത്തേയും ജോലിയേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ തീരുമാനം പുനഃപരിശോധനക്കായി അക്കാദമിക് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

സൂചന (3) പ്രകാരം അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ശുപാർശകൾക്കായി സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

സൂചന (4) പ്രകാരം അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ സർവ്വകലാശാലയുടെ പ്രോഗ്രാം/കോഴ്സുകളുമായി മറ്റ് സർവ്വകലാശാലകളുടെ പ്രോഗ്രാം/കോഴ്സുകളെ തുല്യതപ്പെടുത്തുന്നതിന് 24/11/2016-ലെ അക്കാദമിക് കൗൺസിലിന്റെ റെഗുലർ ഇനം. നം. I തീരുമാനത്തിലെ "Regular courses may be equated to regular courses only'' എന്നത് ഒഴിവാക്കിക്കൊണ്ട് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തു.

"i) The eligibility conditions for Admission to the equating programme should be similar.

ii) Duration of the course should be on par.

iii) Number of papers/courses/viva/dissertation/project in both programmes should have a match.

iv) Contents should be similar to at least 70%."

പ്രസ്തുത ശുപാർശകൾ ബഹു. വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം-3 ഛേദം 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

**അംബിക ആർ**

**അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)**

**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്

1. പ്രൈവറ്റ് സെക്രട്ടറി (വി.സി/പി.വി.സി)
2. രജിസ്ട്രാരുടെ പി.എ.
3. എ.സി. സി. സെക്ഷൻ
4. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
5. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ